VACCINATORS—CHANGE OF DESIGNATION AS HEALTH INSPECTORS

412. മിസ്റ്റർ. ബി. എം. പീറർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി പറയുമോ.—

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ട്മെണ്ടിൽ എത്ര വാക്സിനേറർമാർ ഉണ്ട് ;

(ബി) ഇവരുടെ മിനിമം ക്വാളിഫിക്കേഷൻ എന്ത് ;

(സി) ഇവരിൽ വാക്സിനേഷനു പുറമെ സാനിട്ടേഷൻ പരീക്ഷകൂടി പാസ്സായിട്ടുള്ളവർ എത്ര ;

(ഡി) വാക്സിനേഷൻ കൂടാതെ മറേ വല്ല ജോലികളും കൂടി ഇവരെക്കൊണ്ട് ചെയ്യിക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഇ) വാക്സിനേറർമാരുടെ ശമ്പളത്തേറ്റു എന്ത് ;

(എഫ്) പ്രത്യേകപരീക്ഷായോഗ്യതയുള്ളവർക്കെങ്കിലും വാക്സിനേറർ എന്ന പേരു് മാറ്റി ഹെൽത്ത് ഇൻസ്പെക്ടർ എന്ന പേരു് കൊടുപ്പാൻ ഗവമ്മെണ്ടിനു മനസ്സുണ്ടാകുമോ ;

(ജി) ഇവരുടെ ശമ്പളനിരക്കു ബാക്കിയുള്ള ഡിപ്പാർട്ട്മെണ്ടിൽ കൊടുത്തുവരുന്നതുപോലെ ൬൫—൪൦ കൊടുത്തുകൂടേ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ൨൫.

(ബി) വാക്സിനേഷൻ ടെസ്റ്റ്.

(സി) ഇപ്പോഴുള്ള സ്ഥിരം വാക്സിനേറർമാരിൽ സാനിട്ടേഷൻ പരീക്ഷ (അതായതു് സാനിട്ടറി ഇൻസ്പെക്ടേർസ് ടെസ്റ്റ്) പാസ്സായിട്ടുള്ളവർ ൧൫ പേരുണ്ട്.

(ഡി) അപായകരവും, അസഹ്യകരവുമായ വ്യാപാരങ്ങൾക്കു് ലൈസൻസ്സുഫീസ്സ് പിരിക്കൽ, കശാപ്പുസ്ഥലങ്ങളിൽ നാല്ക്കാലികളെ സീൽ ചെക്കുക മുതലായ ജോലികളും വാക്സിനേറർമാരെക്കൊണ്ടു് ചെയ്യിച്ചുവരുന്നുണ്ട്.

(ഇ) ൬൫ ക. ശമ്പളം. ൫ ക. സ്ഥിരം ബത്ത.

(എഫ്) ഇല്ല.

(ജി) നിവൃത്തിയില്ല.

CENTRAL FARM—FRUIT BEARING TREES

413. Mr. C. R. Iyyunni *(Trichur South)*: Will the Government be pleased to state.—

(*a*) the names of various kinds of fruit-bearing trees;

(*b*) their numbers;

(*c*) expenses incurred in connection with each variety of trees;

LIBRARY ARCHIVES Kerala Legislative Assembly